SILK FARMING

***406.** [82] **Sri. K. Ramachandran**: Will the Hon'ble Minister for Public Works and Communications be pleased to state.—

the measures adopted so far for the rearing of silk worms in the State ?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]** :

There is a Sericultural Station at Kottayam and 13 acres of land have been planted with mulberry. Mulberry cuttings have been distributed to 47 different growers. Propaganda work is being carried on for mulberry cultivation and for rearing of silk.

PROTECTION OF CHILDREN OF THE LABOUR CLASS

***407.** [84] **Sry. Devaki Gopidas**: Will the Hon'ble Minister for Education be pleased to state whether the Government have any scheme for protecting the children of the labour class women when the mothers are going to work during day time ?

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]** :

Yes. Section 48 of the Travancore Factories Act 1124 provides for maintenance of creches in Factories. Government are insisting on such creches being maintained by the Cashewnut and Match Factories and Paper and Cotton Mills.

കല്ലുക ഓയിൽ മിൽസ്

*൪ ൦൫. (൫൪) ശ്രീ. പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാന്യ ട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കല്ലുക ഓയിൽ മിൽസ് ക്ലിപ്തം ഇടക്കൊച്ചി പൂട്ടിയതെന്നാണ്;

(ബി) പൂട്ടിയിടുവാനുള്ള കാരണമെന്തായിരുന്നുവെന്നറിയാമോ;

(സി) പൂട്ടിയിടുന്നതിനുമുമ്പ് തൊഴിലാളികൾക്കും ഗവൺമെണ്ടിനും നോട്ടീസ് നൽകിയിരുന്നുവോ; നൽകിയിരുന്നെങ്കിൽ പൂട്ടിയിടുന്നതിന് എത്ര ദിവസംമുമ്പാണ് അതു നൽകിയത്;

(ഡി) കല്ലുക ഓയിൽ മിൽസ് പൂട്ടിയിരുന്നതു് നിയമവിരുദ്ധമായ ലാക്കൗട്ടാണെന്നും മറ്റും കാണിച്ച് ടി ഫാക്ടറിയിലെ തൊഴിലാളികളിൽനിന്നോ തൊഴിലാളികളുടെ യൂണിയനിൽനിന്നോ ഗവൺമെണ്ടിലേക്ക് പരാതി ലഭിച്ചിരുന്നുവോ; എങ്കിൽ എന്നു ലഭിച്ചു;

(ഇ) ഈ പരാതിയെപ്പറ്റി അന്വേഷിക്കുകയോ നിയമവിരുദ്ധമായ ലാക്കൗട്ടിനെതിരായി ഗവൺമെണ്ടു് വല്ല നടപടി നടത്തുകയോ ചെയ്തിട്ടുണ്ടായോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കല്ലുക ഓയിൽ മിൽസ് ക്ലിപ്തം ഇടക്കൊച്ചി, പൂട്ടിയതു് ൧൯൫൫ മാർച്ച് ൩൧-ൽ ആണു്.

(ബി) അറിയാം. ഇടക്കൊച്ചിയിൽനിന്നും പെരുമാന്തുരുള്ള അവരുടെ ഫാക്ടറികെട്ടിടത്തിലേക്കു് യന്ത്രസാമഗ്രികൾ മാറ്റുന്നതിലേക്കാണു് പൂട്ടിയതു്.

(സി) പൂട്ടിയിടുന്നതിനുമുമ്പു് ൧൯൫൫ മാർച്ച് ൩൧-ൽ പൂട്ടിയിടുന്ന വിവരം കാണിച്ചും തൊഴിലാളികൾക്കു് പൂട്ടിയിട്ടതുമുതൽ ഏഴുദിവസത്തേക്കു് പ്രകൃതി ശമ്പളം കൊടുക്കുന്നതാണെന്നു കാണിച്ചും നോട്ടീസ് മാനേജ്മെൻറിൽ നിന്നും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലേബർ കമ്മീഷണർക്ക് അങ്ങനെയും പരാതി ലഭിച്ചു. ഫ—വ്യ— ൪ ൦—ൽ ആണ് അങ്ങനെ പരാതി ലഭിച്ചതു".

(ഇ) ഈ പരാതിയെപ്പറ്റി അഡ്വാ അസിസ്റ്റൻറ് ലേബർ കമ്മീഷണരും, ലേബർ കമ്മീഷണരും അന്വേഷണം നടത്തുകയുണ്ടായി. മിൽ അടച്ചിട്ടിരിക്കുന്നകാലത്തേക്ക് എന്തെങ്കിലും പരിഹാരം നൽകണമെന്നു് ലേബർ കമ്മീഷണർ മാനേജ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്. മിൽ അടച്ച പരിതഃസ്ഥിതി പരിഗണിക്കുമ്പോൾ ഇതു് ഒരു നിയമവിരുദ്ധ ലാക്കൌട്ടാണെന്നു് പറഞ്ഞുകൂടാ.

ഫാക്ടറി നിയമം

*൪൦൯. (വ്യവ) ശ്രീ. പി. കെ. ഡിവർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ നിലവിലിരിക്കുന്ന ഫാക്ടറീസ് ആക്ടുകളും ഇൻഡ്യൻ ഫാക്ടറീസ് ആക്ടുകളും ഒരേ നിലയിൽ കൊണ്ടുവരുവാൻ ഗവൺമെൻറ് വല്ല നടപടിയും ഇതിനകം എടുത്തു കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണു്;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് നമ്മുടെ സംസ്ഥാനത്തു് നിലവിലിരിക്കുന്ന ഫാക്ടറി നിയമങ്ങളും ഇൻഡ്യൻ ഫാക്ടറി നിയമങ്ങളും തമ്മിൽ വ്യത്യസ്തപ്പെട്ടിരിക്കുന്നതെന്നു് സദയം പറയുമോ;

(സി) ഇവിടത്തെ ഫാക്ടറി ആക്ടു് ഇൻഡ്യൻ ഫാക്ടറി ആക്ടിനോടു് തുല്യമായ നിലയിൽ ആക്കുവാൻ അടിയന്തിര നടപടികൾ എടുക്കണമെന്നു് വല്ല ടെയിഡു് യൂണിയനുകളോ ഈ നിയമസഭയിലെ വല്ല സാമാജികന്മാരുമൊ ബഹു. മന്ത്രിയോടോ ഗവൺമെൻറിനോടോ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു്; അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(ഡി) ഇൻഡ്യൻ ഫാക്ടറീസ് ആക്ടു് പ്രകാരം തൊഴിലാളികളുടെ ഓവർടൈം കൂലികണക്കാക്കുന്നതു് കൂലിക്കും ക്ഷാമബത്തക്കും കൂടിച്ചേർന്നതിൻെറ ഇരട്ടി എന്ന നിരക്കാണെന്നു് ഗവൺമെൻറിനറിയാമോ; ഇവിടെ എങ്ങിനെയാണു്;

(ഇ) ഇൻഡ്യൻ ഫാക്ടറീസ് നിയമം എന്നാണു് ഇന്നത്തെ മീതിയിൽ ഭേദഗതി ചെയ്തതു്; ഇപ്പോൾ എത്ര കാലമായി;

(എഫ്) ഇവിടത്തെ ഫാക്ടറി നിയമം ആ നിലയിൽ കൊണ്ടുവരുവാൻ അമാന്തിക്കുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡ്യൻ ഫാക്ടറീസ് ആക്ടു് ബി. വിഭാഗം സ്റ്റോറുകളിൽകൂടി നടപ്പിലാക്കുവാൻ ഇൻഡ്യാഗവൺമെൻറു് വേണ്ട പ്രാരംഭനടപടികൾ എടുത്തിട്ടുണ്ടു്.

(ബി) തിരുവിതാംകൂർ ഫാക്ടറീസ് ആക്ടു് ഫാക്ടറീസ്–ലെ ഇൻഡ്യൻ ഫാക്ടറീസ് ആക്ടിനോടു് തുല്യമാണു്. എന്നാൽ കൊച്ചിൻ ഫാക്ടറീസ് ആക്ടു് അതിൽനിന്നും വിഭിന്നമാണു്. തൊഴിലാളികൾക്കു് ശമ്പളത്തോടുകൂടിയുള്ള അവധി നൽകുന്ന വ്യവസ്ഥകളെ സംബന്ധിച്ചാണു് ഈ വ്യത്യാസം പ്രധാനമായിട്ടുള്ളതു്.

(സി) ആവശ്യപ്പെട്ടിരിക്കാം. ഇൻഡ്യാഗവൺമെൻറിൽനിന്നുതന്നെ ഇതു സംബന്ധിച്ചുള്ള നടപടികൾ എടുത്തിട്ടുള്ളതുകൊണ്ടു് പ്രത്യേകിച്ചു് ഈ ഗവർമെൻറു് എതെങ്കിലും നടപടി നടത്തേണ്ടതായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly